I ഇ.ബി. XI-കേരള നിയമസഭ/V9

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2003 ഫെബ്രുവരി 18, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## അടിയന്തിര പ്രമേയം

### സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം

**മി.സ്പീക്കർ**: സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലേയ്ക്കുള്ള വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച ഹൈക്കോടതി വിധിക്കെതിരെ ഗവൺമെന്റ് നൽകിയ റിവ്യൂ ഹർജി ഇന്നലെ ഹൈക്കോടതിയിൽ നിരസിക്കപ്പെട്ടതിന്റെ ഫലമായി എൻട്രൻസ് എക്സാമിനേഷൻ കമ്മീഷണർ നിർദ്ദേശിച്ച പകുതി സീറ്റുകളിലേയ്ക്കുള്ള വിദ്യാർത്ഥികൾ പ്രവേശനം ലഭിക്കാതെ അനിശ്ചിതത്വത്തിലായിരിക്കുന്നു. ഗവൺമെന്റിന്റെ പ്രഖ്യാപിത നിലപാട് നടപ്പിലാക്കുന്നതിൽ വന്ന വീഴ്ചയും അതുമൂലം ഉന്നത വിദ്യാഭ്യാസമേഖലയിൽ ഉണ്ടായിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷവും സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, കെ.പി. രാജേന്ദ്രൻ, എ.സി. ഷൺമുഖദാസ്, വി.സി. കബീർ,

കെ.സി. ജോസഫ്, സി.കെ. നാണു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

**മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി):** ഗുരുതരമായ ഒരു പ്രശ്നത്തെക്കുറിച്ചാണ് അടിയന്തിരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുള്ളത്. ഗവൺമെന്റ് ഈ കാര്യത്തിൽ വളരെ വ്യക്തമായ ഒരു നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. വളരെ നിർഭാഗ്യകരമായ ഒരു വിധിയാണ് ഹൈക്കോടതിയിൽ നിന്നുണ്ടായത്. ഹൈക്കോടതി വിധിമൂലം വിദ്യാഭ്യാസരംഗത്ത് വളരെ ഗുരുതരമായ പ്രശ്നങ്ങൾ ഉയർന്നുവരുന്നു. ഈ വിധിമൂലമുണ്ടായിരിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരുടേയും സഹകരണ മുണ്ടാകണം. കേരളത്തിലെ പ്രൊഫഷണൽ കോളേജുകളിൽ 50 ശതമാനം സീറ്റ് മെറിറ്റടിസ്ഥാനത്തിൽ നിശ്ചയിക്കാൻ ഗവൺമെന്റിന് അധികാരം ലഭിക്കേണ്ടതാവശ്യമാണ്. ഗവൺമെന്റിന്റെ നിലപാട് അംഗീകരിച്ചു കിട്ടുന്നതിനുവേണ്ടി ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്ന നിയമപരമായ എല്ലാ മാർഗ്ഗങ്ങളും ഗവൺമെന്റ് സ്വീകരിക്കും. ലക്ഷ്യം നേടിയെടുക്കുന്നതിനുവേണ്ടി സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കുക, നിയമ നിർമ്മാണം നടത്തുക തുടങ്ങി ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്യും.

**ശ്രീ.കോടിയേരി ബാലകൃഷ്ണൻ:** ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ നിന്നുതന്നെ ഇതിന്റെ ഗൗരവാവസ്ഥ മനസ്സിലാക്കാം. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളെ സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ പ്രഖ്യാപിത നയത്തിൽ പ്രതിപക്ഷത്തിന് എതിർപ്പുണ്ട്. ഗവൺമെന്റിന്റെ നിലപാടിന് ഏറ്റ തുടർച്ചയായ മൂന്നാമത്തെ തിരിച്ചടിയാണ് കഴിഞ്ഞ ദിവസത്തെ ഹൈക്കോടതി വിധി. ഇത് വളരെ ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടാക്കിയിരിക്കുകയാണ്. കേരള ഗവൺമെന്റിന്റെ നിലപാട് ഹൈക്കോടതി നിരസിച്ച തോടുകൂടി എം.ബി.ബി.എസ്. കോഴ്സിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക്ലിസ്റ്റ് പ്രകാരം പ്രവേശനം ലഭിക്കേണ്ടിയിരുന്ന മെറിറ്റ് ലിസ്റ്റിൽപ്പെട്ട വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലായിരിക്കുകയാണ്. 50 ശതമാനം ഫ്രീ ആന്റ് മെറിറ്റ് സീറ്റ്

വകുപ്പുമന്ത്രി നിയമസഭയിൽ ഉറപ്പ് നൽകിയിരുന്നു. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ പ്രഖ്യാപിത നിലപാട് ലംഘിച്ചുകൊണ്ട് തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ് 75 ശതമാനം സീറ്റിലേയ്ക്കും കോഴഞ്ചേരി മെഡിക്കൽ കോളേജ് 60 ശതമാനം സീറ്റിലേയ്ക്കും പ്രവേശനം നടത്തിക്കഴിഞ്ഞു. ഇതിനെതിരായി ഇതുവരെ സംസ്ഥാന ഗവൺമെന്റ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. കോഴ വാങ്ങാൻ പാടില്ലാ, ഗവൺമെന്റ് നിശ്ചയിക്കുന്ന ഫീസ് മാത്രമേ വാങ്ങാൻ പാടുള്ളൂ എന്ന സുപ്രീം കോടതി വിധി ലംഘിച്ചുകൊണ്ട് തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിൽ പ്രവേശനത്തിന് ഒരു വിദ്യാർത്ഥിയിൽ നിന്ന് 22 ലക്ഷം രൂപ കോഴ വാങ്ങി. ഉന്നത വിദ്യാഭ്യാസമേഖല പ്രതിസന്ധിയിലായിരിക്കുന്നു. അക്ഷരവ്യാപാരികൾക്ക് ഈ ഗവൺമെന്റ് കീഴടങ്ങാൻ പാടില്ല. ഗുരുതരമായ ഈ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം. ഇക്കാര്യത്തിൽ നിയമസഭ തീരുമാനിക്കുന്നതേ നടക്കൂ എന്ന് ബന്ധപ്പെട്ടവരെ മനസ്സിലാക്കിക്കണം. സുപ്രീം കോടതിയിൽ കേസ് പരിഗണനയ്ക്ക് വന്ന ഘട്ടത്തിൽ കേരള ഗവൺമെന്റ് മാനേജ്മെന്റിന് അനുകൂലമായ നിലപാടാണ് സ്വീകരിച്ചത്. സർക്കാരിന് വേണ്ടി ഹാജരായ സോളിസിറ്റർ ജനറലിന്റെ വാദഗതിയോട് കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും യോജിച്ചു. കാലതാമസമുണ്ടാക്കുന്നതിനുവേണ്ടിയാണ് അന്ന് സുപ്രീം കോടതിയിൽ പോകാതിരുന്നത്. ഇത് സംബന്ധിച്ച് അന്ന് നിയമനിർമ്മാണം നടത്തിയിരുന്നു വെങ്കിൽ ഒരു വ്യക്തതയുണ്ടാകുമായിരുന്നു. ജനുവരി 20–ന് ഹൈക്കോടതി വിധി വന്നതിനുശേഷമെങ്കിലും നിയമനിർമ്മാണം നടത്താമായിരുന്നു. മാനേജ്മെന്റിന് അനുകൂലമായിട്ടുള്ള ഒത്തുകളിയാണുണ്ടായിട്ടുള്ളത്. ഉണ്ണിക്കൃഷ്ണൻ കേസ്സിന്റെ അടി സ്ഥാനത്തിൽ സ്വാശ്രയകോളേജുകളിൽ 50 ശതമാനം മെരിറ്റടിസ്ഥാനത്തിലായിരിക്കും പ്രവേശനമെന്ന് സർക്കാർ നിയമസഭയിൽ അറിയിച്ചിട്ടുണ്ട്. നിയമ–വിദ്യാഭ്യാസ–ആരോഗ്യ വകുപ്പുകൾ സംയുക്തമായി കേസ് നടത്തുന്നതിന് പകരം ദുരൂഹമായി ഈ സ്ഥാപനങ്ങളെയെല്ലാം ഇരുട്ടിൽ നിർത്തിക്കൊണ്ട് ഈ കേസ് കൈകാര്യം ചെയ്തതു കൊണ്ടാണ് ഈ സ്ഥിതിയുണ്ടായത്. ഇവിടെ മതനിരപേക്ഷതയുടെ ഘടനയെ

സുപ്രീം കോടതി അഭിഭാഷകനെ ചുമതലപ്പെടുത്താതിരുന്നത് ശരിയായില്ല. യഥാർത്ഥത്തിൽ ഈ കേസ് തോറ്റുകൊടുക്കുകയാണ് ചെയ്തത്. കേരളത്തിലെ ജനങ്ങളുടെ കണ്ണിൽ പൊടിയിടുകയാണ് ചെയ്തത്. ഈ സാഹചര്യത്തിൽ ഈ കേസ് എങ്ങനെ കൈകാര്യം ചെയ്തുവെന്നുള്ളത് നിയമസഭയ്ക്കറിയണം. കേരള ഗവൺമെന്റിന്റെ പ്രഖ്യാപിത നിലപാടുപോലും നടപ്പാക്കാൻ സാധിക്കുന്നില്ലായെങ്കിൽ അത്തരം കോളേജുകളെ സംസ്ഥാനത്ത് പ്രവർത്തിപ്പിക്കുവാൻ അനുവദിക്കരുത്: അങ്ങനെയുള്ള നിലപാട് പ്രഖ്യാപിക്കണം. ഹൈക്കോടതിയിൽ ഇത് സംബന്ധിച്ച് കേസ് നടത്തിയതിനെ ക്കുറിച്ച് വിശദമായി പരിശോധിക്കണം. അഡ്വക്കേറ്റ് ജനറലിനെ വിളിച്ചുവരുത്തി കാര്യങ്ങൾ മനസ്സിലാക്കണം. സംവരണതത്വം പൂർണ്ണമായി കാറ്റിൽ പറത്തിയിരിക്കുന്നു. പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഒരു വിദ്യാർത്ഥിക്കുപോലും പ്രവേശനം കിട്ടുകയില്ല. കേരളത്തിലെ സാമൂഹ്യ പശ്ചാത്തലവും സാമ്പത്തിക ബാദ്ധ്യതയും കണക്കിലെടുക്കാതെ ഹൈക്കോടതി ജഡ്ജിമാർ എന്ത് വിധിച്ചാലും നിയമസഭ വിചാരിക്കുന്ന രീതിയിലേ കാര്യങ്ങൾ നടക്കൂയെന്ന് ബോദ്ധ്യപ്പെടുത്താൻ ഗവൺമെന്റിന് സാധിക്കണം. വിദ്യാഭ്യാസ കച്ചവടത്തിന് അനുകൂലമായ കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിൽ ഈ ഗവൺമെന്റ് കീഴടങ്ങരുത്. ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

**മുഖ്യമന്ത്രി** (**<u>ശ്രീ.എ.കെ.ആന്റണി</u>**):ഹൈക്കോടതി വിധി കേരളത്തിലെ പ്രതിപക്ഷത്തെ മാത്രമല്ല ഭരണപക്ഷത്തേയും വേദനയിലാഴ്ത്തിയിട്ടുണ്ട്. കേരളത്തിലെ ജനങ്ങൾക്ക് ലഭിച്ച തിരിച്ചടിയായിട്ടാണ് ഹൈക്കോടതി വിധിയെ ഗവൺമെന്റ് കാണുന്നത്. അയൽ സംസ്ഥാനങ്ങൾ സ്വകാര്യ മേഖലയിൽ ധാരാളം പ്രൊഫഷണൽ കോളേജുകൾ അനുവദിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ കേരളത്തിൽ എന്തുകൊണ്ട് സ്വകാര്യ മേഖലയിൽ പ്രൊഫഷണൽ കോളേജുകൾ അനുവദിച്ചില്ല എന്നുള്ള പശ്ചാത്തലം മനസ്സിലാക്കാതെയാണ് ഹൈക്കോടതി വിധി ഉണ്ടായിട്ടുള്ളത്. കേരളത്തിന്റെ സാമൂഹ്യ പശ്ചാത്തലം അല്പംപോലും മനസ്സിലാക്കാതെയുള്ള ഒരു വിധിയാണിത്. കേരളത്തിലെ

മുഴുവൻ ജനങ്ങളും ഈ വിധിയിൽ ദു:ഖിക്കുന്നുണ്ട്. നിയമവ്യവസ്ഥകൾക്കകത്തു നിന്നുകൊണ്ട് ഹൈക്കോടതി വിധി ഉണ്ടാക്കിയ പ്രത്യാഘാതങ്ങളിൽനിന്ന് കേരളത്തെ എങ്ങനെ രക്ഷപ്പെടുത്താൻ സാധിക്കുമെന്നുള്ള കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കൂട്ടായി ആലോചിച്ച് പരിഹാരമുണ്ടാക്കാം. 50 ശതമാനം സീറ്റ് മാനേജ്മെന്റിനും 50 ശതമാനം സീറ്റ് മെരറ്റ് അടിസ്ഥാനത്തിലും കൊടുക്കണമെന്നുള്ള നീതിപൂർവമായ തീരുമാനമാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. ഓരോ വർഷവും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുവേണ്ടി കേരളത്തിലെ വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിൽ പോയി സംസ്ഥാനത്തിനു ലഭിക്കേണ്ട കോടിക്കണക്കിന് രൂപ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയും സാമ്പത്തികശേഷി കുറഞ്ഞവർക്ക് പ്രൊഫഷണൽ വിദ്യാഭ്യാസം നടത്താൻ കഴിയാതെ വരികയും ചെയ്ത സാഹചര്യം സംജാതമായപ്പോഴാണ് കേരളത്തിൽ സ്വകാര്യ മേഖലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് എൻ.ഒ.സി. കൊടുത്തത്. അന്ന് മാനേജ്മെന്റിന് 30 ശതമാനം സീറ്റുകൾ വാങ്ങിക്കൊണ്ട് കോളേജുകൾ നടത്താം എന്നുള്ള ധാരണയിലാണ് എൻ.ഒ.സി.ക്ക് സമീപിച്ചത്. ഇക്കാര്യത്തിൽ എഴുതപ്പെട്ട കരാറൊന്നുമില്ല. 70 ശതമാനവും ഗവൺമെന്റ് ഫിൽ ചെയ്യുന്ന സാഹചര്യം കേരളത്തിൽ നിലനിന്നിരുന്ന അവസരത്തിലാണ് ഗവൺമെന്റിനെ സമീപിച്ചത്. മാതാ അമൃതാനന്ദമയീ മഠത്തിന്റെ മെഡിക്കൽ കോളേജിൽ 30 ശതമാനമേ മാനേജ്മെന്റ് എടുത്തിട്ടുള്ളൂ. അതിനുശേഷമാണ് 50 ശതമാനം മാനേജ്മെന്റിന് എന്ന സുപ്രീം കോടതി വിധി വന്നത്. കാരക്കോണം മെഡിക്കൽ കോളേജ് 50 ശതമാനം എടുത്തത് ആ അടിസ്ഥാനത്തിലാണ്. അതിന് ശേഷമാണ് ഈ പ്രശ്നങ്ങൾ വന്നത്. ഈ യാഥാർത്ഥ്യങ്ങളൊന്നും ഹൈക്കോടതി മനസ്സിലാക്കിയിട്ടില്ല. മാനേജ്മെന്റുകളുടെ കച്ചവട മനോഭാവം അനുവദിക്കുകയില്ല. ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കുന്നതിന് ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്ന എല്ലാ മാർഗ്ഗങ്ങളും സർക്കാർ സ്വീകരിക്കും. സുപ്രീം കോടതിയിൽ പോകണമെങ്കിൽ പോകും: നിയമനിർമ്മാണം ആവശ്യമാണെങ്കിൽ അതും നടത്തും. നിയമനിർമ്മാണത്തിന് പ്രൊട്ടക്ഷൻ കിട്ടാൻ കേന്ദ്ര ഗവൺമെന്റിനേയും സമീപിക്കും.

ഇക്കാര്യത്തിൽ കേരളീയർ ഒറ്റക്കെട്ടായി നിന്നുകൊണ്ട് ചിന്തിക്കണം. സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

**<u>മി. സ്പീക്കർ</u>**: ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. നയങ്ങളും നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കുന്നതിനുള്ള അവകാശം നിയമസഭയ്ക്ക് മാത്രമേയുള്ളൂ. നിയമസഭ പാസ്സാക്കുന്ന ചട്ടങ്ങളും നിയമങ്ങളും ഇന്റർപ്രെട്ട് ചെയ്യാനേ കോടതിക്ക് അവകാശമുള്ളൂ. വളരെ നിർഭാഗ്യകരമായ സ്ഥിതിവിശേഷമാണ് കോടതികളിൽനിന്ന് അടുത്തകാലത്ത് ഉണ്ടായിരിക്കുന്നത്. കോടതികൾ നിക്ഷിപ്ത താൽപര്യത്തിന്റെ പ്രതിനിധികളാകുന്നു വെന്നുള്ളത് ദു:ഖകരമായ സത്യമാണ്. കോടതിക്ക് സാമൂഹ്യ പ്രതിബദ്ധതയില്ല, സാമൂഹ്യ നീതിയെക്കുറിച്ചും യാതൊരു ബോധവുമില്ല. ഇതിനെല്ലാം കോടതി എതിരാണ്. ഇതിനെ ശക്തിയായി ഗവൺമെന്റ് എതിർക്കണമെന്നാണ് ചെയറിന്റെ അഭിപ്രായം. പക്ഷേ, വളരെ ശക്തമായ ഒരു നിലപാട് ഗവൺമെന്റും മുഖ്യമന്ത്രിയും സ്വീകരിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഞാൻ മുഖ്യമന്ത്രിയെ അഭിനന്ദിക്കുകയും അതിന്റെ പേരിൽ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് തീരുമാനിക്കുകയും ചെയ്യുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ കോടിയേരി ബാലകൃഷ്ണൻ, ശ്രീ. കെ. പി. രാജേന്ദ്രൻ, ഡോ. എ. നീലലോഹിതദാസൻ നാടാർ, ഡോ. കെ.സി. ജോസഫ് എന്നീ പ്രതിപക്ഷകക്ഷി നേതാക്കൻമാർ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തുപോകുകയും അല്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാകുകയും ചെയ്തു.

**ശ്രദ്ധക്ഷണിക്കൽ**

(1) <u>ബേക്കലിനെ അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ കെ.വി. കുഞ്ഞിരാമൻ:</u> കാസർഗോഡ് ജില്ലയുടെ വികസനത്തിന് നിർണ്ണായക പങ്ക് വഹിക്കുന്ന ഒന്നാണ് ബേക്കൽ ടൂറിസം വികസന പദ്ധതി. ടൂറിസം ഡെസ്റ്റിനേഷനായി മാറിക്കഴിഞ്ഞ ബേക്കൽ കോട്ടയുടെ വികസനത്തിനായി രൂപീകരിച്ച ബി.ആർ.ഡി.സി. യുടെ ബാലാരിഷ്ടത ഇന്നും മാറിയിട്ടില്ല. ബി.ആർ.ഡി.സി. മുഖേന 19 കോടി രൂപ ചെലവാക്കി ഏറ്റെടുത്ത 215 ഏക്കർ ഭൂമിയിൽ സ്വകാര്യ പങ്കാളിത്തത്തോടെ ടൂറിസം വികസനം നടത്തുന്നതിനുവേണ്ടി റോഡ്, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്, സർക്കാരിന്റെ ചില നിലപാടുകൾമൂലം ഇനിയും കഴിഞ്ഞിട്ടില്ല. നിക്ഷേപങ്ങൾ നടത്താൻ തയ്യാറുള്ളവർക്ക് ഈ ഭൂമി കൂടുതൽ വിലയ്ക്ക് കൈമാറാനുള്ള ശ്രമം നടത്തിയെങ്കിലും അത് ലാഭകരമല്ലെന്ന് കണ്ട് ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ടവർ മുന്നോട്ട് വരാത്തതിനാൽ ഭൂമി തരിശായി കിടക്കുകയാണ്. 13 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്ന നിർമ്മാണത്തിലിരിക്കുന്ന കുടിവെള്ള പദ്ധതിക്ക് ആവശ്യമായ ഫണ്ട് യഥാസമയം ലഭ്യമാക്കി പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. പദ്ധതി പ്രദേശമായ പഞ്ചായത്തതിർത്തിയിൽ നിന്നും 25 കിലോമീറ്റർ മാറി ഓഫീസ് സ്ഥിതി ചെയ്യുന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. അതിനാൽ പദ്ധതി പ്രദേശത്തേയ്ക്ക് ഓഫീസ് മാറ്റാനും ബി.ആർ.ഡി.സി. യെ കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കണം. അടിസ്ഥാന സൗകര്യ വികസനത്തിനും കുടിവെള്ള ലഭ്യതയ്ക്കും ടൂറിസം വികസനത്തിനും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്ന രീതിയിൽ ബി.ആർ.ഡി.സി. യെ കുറച്ചുകാലത്തേയ്ക്കെങ്കിലും സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണം.

**ടൂറിസവും ഫിഷറീസും വകുപ്പുമന്ത്രി <u>(പ്രൊഫ. കെ.വി. തോമസ്):</u>** ഈ സർക്കാർ ബേക്കൽ ടൂറിസം വികസന പദ്ധതി ത്വരിതപ്പെടുത്താൻ സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബി.ആർ.ഡി.സി. ഏറ്റെടുത്ത ആറ് റിസോർട്ട് സൈറ്റുകളിൽ രണ്ടെണ്ണം

സർക്കാർ ഉത്തരവ് പ്രകാരം നൽകുകയും നാലെണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രമുഖ ഹോട്ടൽ ശൃംഖലകളുമായി ആശയ വിനിമയം നടത്തി ധാരണയുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. റിസോർട്ട് സെന്ററുകൾ ഹോട്ടൽ നിർമ്മാണത്തിന് പാട്ടവ്യവസ്ഥയിൽ നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഭാഗമായി റിസോർട്ട് സൈറ്റുകൾക്കും നാല് പഞ്ചായത്തുകളിലെ പൊതുജനങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കുന്നതിന് ഒരു ജല വിതരണ പദ്ധതിയുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. 70 ലക്ഷം രൂപ ചെലവിൽ 26 പഞ്ചായത്ത് റോഡുകളുടെ പുനർനിർമ്മാണവും നവീകരണവും പൂർത്തിയായിട്ടുണ്ട്. കൂടാതെ ആറ് റിസോർട്ട് സൈറ്റുകളിലേയ്ക്ക് 23 ലക്ഷം രൂപ ചെലവിൽ അപ്രോച്ച് റോഡും നിർമ്മിച്ചുകഴിഞ്ഞു. റിസോർട്ട് സൈറ്റുകളിലേയ്ക്കുള്ള ഹൈ ടെൻഷൻ വൈദ്യുതി ലൈനുകൾ നീട്ടുന്ന നടപടികൾ പൂർത്തിയായി. നീലേശ്വരത്തിന് സമീപം കോട്ടപ്പുറത്ത് നാല് ഹൗസ് ബോട്ടുകളുടെ നിർമ്മാണം പൂർത്തിയായി വിനോദയാത്രയ്ക്ക് തയ്യാറാക്കിയിട്ടുണ്ട്. ബോട്ട് ടെർമിനൽ നിർമ്മിക്കുന്നതിനുള്ള നടപടികളും തുടങ്ങിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ ടൂറിസം പദ്ധതികൾ വളരെ വേഗത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ബി.ആർ.ഡി.സി.യുടെ ഓഫീസ് സൈറ്റിലേയ്ക്ക് മാറ്റണമെന്ന നിർദ്ദേശത്തെക്കുറിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ആലോചിച്ചശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) <u>വയനാട് ജില്ല വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കണമെന്ന ആവശ്യം</u>

**<u>ശ്രീ. എൻ.ഡി. അപ്പച്ചൻ</u>** : വയനാട് ജില്ല നാളിതുവരെ ഉണ്ടായിട്ടില്ലാത്ത രീതിയിൽ അതിരൂക്ഷമായ വരൾച്ചയിൽ അകപ്പെട്ടിരിക്കുകയാണ്. കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ചകൊണ്ട് പൊറുതിമുട്ടിയ സാധാരണക്കാരുടെ ജീവിതം ഈ വരൾച്ചമൂലം ദുരിതപൂർണ്ണമായിരിക്കുന്നു. കാലവർഷത്തിൽ സാധാരണ കിട്ടുന്നതിനേക്കാൾ 30

വ്യതിയാനം മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി രൂക്ഷമായ വരൾച്ചയ്ക്ക് ഇടയാക്കിയിട്ടുണ്ട്. ഏകദേശം 500 ഹെക്ടർ സ്ഥലത്തെ കുരുമുളക്, കാപ്പി, ഏലം തുടങ്ങിയ 10 കോടിയോളം രൂപയുടെ കാർഷികവിളകൾ നശിച്ചുപോയിട്ടുണ്ട്. സുൽത്താൻബത്തേരി നിയോജക മണ്ഡലത്തിൽ മാത്രം 5 കോടി രൂപയുടെ കാർഷിക നഷ്ടം സംഭവിച്ചിട്ടുണ്ട്.. ആ പ്രദേശത്ത് കുടിവെള്ളക്ഷാമവും അതിരൂക്ഷമാണ്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന്റെ കണക്കുപ്രകാരം കഴിഞ്ഞ ഒരു വർഷമായി ഭൂജലവിതാനം അവിടെ നാല് മീറ്ററോളം താഴ്ന്നിരിക്കുന്നു. വയനാട് കൂന്നുംപ്രദേശമായതിനാൽ മഴവെള്ളം പുഴകളിലൂടെ കടലിലേയ്ക്ക് വേഗം ഒഴുകിപ്പോവുകയാണ് ചെയ്യുന്നത്. ഈ പ്രദേശത്ത് മഴവെള്ളം കെട്ടിനിറുത്താനുള്ള സംവിധാനത്തിന്റെ അപര്യാപ്തതയും വരൾച്ചയ്ക്ക് ഇടയാക്കുന്നു. ആയതിനാൽ പുഴകളിലും തോടുകളിലും ചെക്ക് ഡാമുകൾ നിർമ്മിച്ച് വെള്ളം സംഭരിച്ച് നിറുത്താനുള്ള സംവിധാനമുണ്ടാക്കണം. കേരളത്തിൽനിന്ന് ഉത്ഭവിക്കുന്ന കബനി നദിയിലെ ജലം അയൽ സംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകിപ്പോകുന്നത് തടയാനും ആ ജലം ലിഫ്റ്റ് ഇറിഗേഷൻ വഴി കർണ്ണാടകത്തോട് ചേർന്നു കിടക്കുന്ന മുള്ളൻകൊല്ലി, പുൽപ്പള്ളി എന്നീ പഞ്ചായത്തുകളിലേയ്ക്ക് എത്തിച്ച് കാർഷിക മേഖലയെ മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കണം. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളടക്കം പങ്കെടുത്ത യോഗത്തിൽ ജില്ലയിലെ രൂക്ഷമായ വരൾച്ചയെ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും വയനാട് വരൾച്ച ബാധിതപ്രദേശമായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെടുകയുംചെയ്തിട്ടുണ്ട്. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് വയനാട് വരൾച്ചബാധിത ജില്ലയായി പ്രഖ്യാപിക്കാനും കൃഷി നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകാനും കുടിവെള്ളക്ഷാമം പരിഹരിക്കാനും ഗവൺമെന്റ് അടിയന്തിര നടപടികൾ സ്വീകരിക്കണം.

**റവന്യൂവും നിയമവും വകുപ്പുമന്ത്രി (<u>ശ്രീ. കെ.എം. മാണി</u>)** : ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യു വകുപ്പ് സെക്രട്ടറിയാണ് വരൾച്ച ബാധിതപ്രദേശങ്ങൾ നോട്ടിഫൈ ചെയ്യുന്നത്. 6--11-2002-ൽ വയനാട് ജില്ലാ കളക്ടർ

കിട്ടിയിട്ടുണ്ടെന്നുമാണ് അറിയിച്ചിരുന്നത്. എന്നാൽ 5–2–2003–ൽ നൽകിയ റിപ്പോർട്ടിൽ അവിടെ രൂക്ഷമായ വരൾച്ച ഉണ്ടെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയെ വരൾച്ചബാധിത പ്രദേശമായി ഗവൺമെന്റ് ഉടൻ തന്നെ പ്രഖ്യാപിക്കുന്നതാണ്. കൃഷിനാശം സംബന്ധിച്ച കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിനു നൽകുന്ന മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തുന്നതും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്. മുൻകാലങ്ങളിൽ വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി കിണർ, കുളം എന്നിവ കുഴിക്കാൻ നടപടി സ്വീകരിച്ചിരുന്നു. കേന്ദ്ര ധനകാര്യ കമ്മീഷന്റെ പുതിയ നോംസിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അതിന് കഴിയില്ല. അതിനാൽ 50 ലക്ഷം രൂപവീതം ജില്ലാ കളക്ടർമാർക്ക് കൊടുത്തിട്ടുണ്ട്. രൂക്ഷമായ കുടിവെള്ളക്ഷാമമുള്ളിടത്ത് കുടിവെള്ളമെത്തിക്കാൻ സ്റ്റാൻറിംഗ് ഓർഡറും ഉണ്ട്. വയനാട് ജില്ലയെ സംബന്ധിച്ചും രൂക്ഷമായ വരൾച്ചയെ അതിജീവിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെടുന്നതാണ്. കിണറുകളും കുളങ്ങളും കുഴിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയാൽ മാത്രമേ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയൂ. വാഹനങ്ങളിൽ കുടിവെള്ളം കൊടുത്തതു കൊണ്ടുമാത്രം കുടിവെള്ളക്ഷാമം പരിഹരിക്കാൻ ബുദ്ധിമുട്ടാണ്. കേന്ദ്രഗവൺമെന്റിന്റെ നോംസ് മറികടക്കാൻ ആവശ്യമായ സംവിധാനത്തെപ്പറ്റിയും ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്താതെ മറ്റ് രീതിയിൽ കിണർ, കുളം എന്നിവ കുഴിക്കാൻ കഴിയുമോ എന്നുള്ളതും ആലോചിക്കാം.

## സബ്മിഷൻ

(1) <u>തലശ്ശേരി ജുഡീഷ്യൽ ജില്ലയിൽ കുടുംബകോടതി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത</u> .

**<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>**: തലശ്ശേരി ജുഡീഷ്യൽ ജില്ലയിൽ ഒരു കുടുംബകോടതി ഗവണ്മെന്റ് അനുവദിച്ചുവെങ്കിലും അത് ഇപ്പോൾ അവിടെനിന്നും മാറ്റിയതായിട്ടാണ് അറിയാൻ കഴിയുന്നത്. പത്ത് ലക്ഷത്തോളം ജനസംഖ്യയുള്ള

തലശ്ശേരിയിൽ ഒരു ക്യാംപ് സിറ്റിംഗ് പോലും ഇല്ലാത്ത സ്ഥിതിയാണ് വരാൻപോകുന്നത്. അത് പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം.

**മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി)** ഹൈക്കോടതി ചീഫ് ജസ്റ്റീസുമായി നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ കണ്ണൂരിലും തിരുവല്ലയിലും രണ്ട് കുടുംബ കോടതികൾ ആരംഭിക്കാനാണ് ഹൈക്കോടതി നിർദ്ദേശിച്ചത്. തലശ്ശേരിയിൽ ക്യാംപ് സിറ്റിംഗ് പോലുള്ള സംവിധാനമുണ്ടാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാം

(2) പൂനെ നാഷണൽ ഡിഫൻസ് അക്കാഡമി വിദ്യാർത്ഥിയുടെ മരണം സംബന്ധിച്ച് :

**ശ്രീ. എം. മുരളി** : പൂനെയിലെ നാഷണൽ ഡിഫൻസ് അക്കാഡമി വിദ്യാർത്ഥി യായിരുന്ന ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട് കൈലാസ് ചേരിയിൽ ശ്രീശങ്കറിനെ കഴിഞ്ഞ ഫെബ്രുവരി മാസം 7-ാം തീയതി രാത്രിയിൽ പൂനെ അക്കാഡമിക്ക് 30 കിലോമീറ്റർ അകലെയുള്ള റെയിൽവെ ട്രാക്കിൽ മരണപ്പെട്ട നിലയിൽ കണ്ടെത്തി. ദുരൂഹമായ ഈ മരണം അക്കാഡമിയുടെ സൽപ്പേരിനുതന്നെ അപമാനമുണ്ടാക്കി യിരിക്കുകയാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണം.

**മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി) :** ശ്രീശങ്കറിന്റെ മരണം സംബന്ധിച്ച് ഡിഫൻസ് അക്കാഡമി അധികൃതർ അന്വേഷിക്കുന്നതായാണ് അറിയാൻ കഴിഞ്ഞത്. മൃതദേഹം സ്വീകരിക്കുന്നതിനാവശ്യമായതെല്ലാം പോലീസ് ചെയ്തുകൊടുത്തിട്ടുണ്ട്. മറ്റ് കാര്യങ്ങൾ ഗവണ്മെന്റ് വീണ്ടും പരിശോധിക്കുന്നതാണ്.

(2) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ഫയർസ്റ്റേഷൻ

**ശ്രീ. കളത്തിൽ അബ്ദുള്ള**: 3,52,000 ജനങ്ങൾ നിവസിക്കുന്ന മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ പ്ളാന്റേഷൻ മേഖലയിൽ ദിവസവും രണ്ടും മൂന്നും തീപിടിത്തമുണ്ടാകാറുണ്ട്. പാലക്കാട്, ഷൊർണ്ണൂർ എന്നിവിടങ്ങളിൽനിന്ന് ഫയർ

എഞ്ചിനുകൾ വന്നാണ് തീ അണയ്ക്കുന്നത്. അതിനാൽ അവിടെ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കണം.

**മുഖ്യമന്ത്രി** **(ശ്രീ. എ.കെ.ആന്റണി)** : പുതിയതായി ആരംഭിക്കേണ്ട ഫയർ സ്റ്റേഷനു കളുടെ ലിസ്റ്റിൽ മണ്ണാർക്കാടും ഉൾപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം ആലോചിക്കാം.

(4) കുടിവെള്ളമെത്തിക്കേണ്ടതിന്റെ ആവശ്യം

**ശ്രീ. രാജു എബ്രഹാം** : സംസ്ഥാനത്ത് അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ചുരുക്കം ചില സമയം മാത്രമേ ശുദ്ധജലവിതരണ പദ്ധതികളിൽ നിന്ന് പമ്പിംഗ് നടക്കുന്നുള്ളൂ. സ്വകാര്യവ്യക്തികൾ ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തി മാഫിയപോലെ പ്രവർത്തിക്കുന്നു. ഈ സാഹചര്യം പരിഗണിച്ച് പാവപ്പെട്ട ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാൻ ആവശ്യമായ സംവിധാനമേർ പ്പെടുത്തണം.

**റവന്യൂവും നിയമവും വകുപ്പുമന്ത്രി** **(ശ്രീ. കെ. എം. മാണി )** : രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ കുടിവെള്ളമെത്തിക്കാൻ 50 ലക്ഷം രൂപ വീതം ജില്ലാകളക്ടർമാർക്ക് കൊടുത്തിട്ടുണ്ട്. വരൾച്ചയുള്ള പ്രദേശങ്ങളുടെ റിപ്പോർട്ട് കിട്ടിയാൽ ആ തുക വിനിയോഗിക്കണമെന്ന് നിർദ്ദേശവും കൊടുത്തിട്ടുണ്ട്..

**ക്രമപ്രശ്നം**

എസ്.ആർ.ഒ. മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച് :

**ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി** : കേരളനിയമസഭയുടെ നടപടിക്രമം റൂൾ 166 അനുസരിച്ച് ഗവൺമെന്റ് പുറപ്പെടുവിക്കുന്ന ചട്ടങ്ങളും ഭേദഗതികളും സഭയുടെ

മേശപ്പുറത്തു വയ്ക്കണം. അംഗങ്ങൾ അതിനു നൽകുന്ന ഭേദഗതികൾ പരിഗണി ക്കുന്നതിനും പാസ്സാക്കുന്നതിനും സ്പീക്കർ സമയം അനുവദിക്കണം. എക്സിക്യൂട്ടീവിന്റെ അതിക്രമങ്ങൾ നിയന്ത്രിക്കാനുള്ള അധികാരം നിയമസഭയ്ക്കുണ്ട്. പാർലമെന്ററി ജനാധിപത്യം നിലനിൽക്കുന്ന ഏതൊരു രാജ്യത്തിന്റേയും നിയമസഭയുടേയും അധികാരവും അവകാശവുമാണത്. അടുത്ത കാലത്തായി ഗവണ്മെന്റ് പുറപ്പെടുവിക്കുന്ന ചട്ടങ്ങളും ഭേദഗതികളും നിയമസഭയിൽ വയ്ക്കാതെ മന:പൂർവം മറച്ചുവയ്ക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു. എസ്.ആർ.ഒ. 432/97 യഥാസമയം പുറപ്പെടുവിക്കാത്തതുമൂലം സ്പെഷ്യൽ കംപോണന്റ് പദ്ധതിപ്രകാരം സർവ്വേയറായി നിയമനം ലഭിക്കാൻ ക്വാളിഫിക്കേഷൻ നേടിയ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഉദ്ദേശിച്ച പ്രയോജനം ലഭിക്കാതെ പോയി. എസ്. ആർ ഒ. മേശപ്പുറത്തു വയ്ക്കാൻ കാലതാമസം വന്നാൽ അതിന്റെ വിശദീകരണത്തോടുകൂടി വേണം മേശപ്പുറത്ത് വയ്ക്കേണ്ടത് എന്നത് സംബന്ധിച്ചും റൂളിംഗ് ഉണ്ടായിട്ടുണ്ട്. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി സമർപ്പിച്ച ശുപാർശയും ലംഘിക്ക പ്പെട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ചെയറിന്റെ റൂളിംഗ് ഉണ്ടാകണം.

**റവന്യൂവും നിയമവും വകുപ്പുമന്ത്രി** **<u>(ശ്രീ. കെ. എം. മാണി)</u>** : എസ്. ആർ. ഒ. മേശപ്പുറത്ത് വയ്ക്കാൻ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം റവന്യൂ സെക്രട്ടറിക്ക് കൊടുത്തുകഴിഞ്ഞു. ഇതിൽ കാലതാമസം വരാൻ പാടില്ലായിരുന്നു. കാലതാമസം സംബന്ധിച്ച് നിയമസഭാ സെക്രട്ടറി പ്രസ്തുത വിഷയം 23.2.2000-ൽ ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽകൊണ്ടുവരികയും അദ്ദേഹം അതിൻമേൽ നടപടി സ്വീകരിക്കുകയും ചെയ്തു.

**<u>മി. സ്പീക്കർ:</u>** വാസ്തവത്തിൽ മന്ത്രിമാർ ഇത് അറിയുന്നുണ്ടായിരിക്കുകയില്ല. ഈ കാര്യം ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. എസ്. ആർ. ഒ. നിയമസഭയുടെ മേശപ്പുറത്തുവയ്ക്കണമെന്ന് നിലവിൽ ചട്ടമുണ്ടായിരിക്കേ അത് ചെയ്യാത്തത് കൃത്യ

വിലോപമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ഇക്കാര്യത്തിൽ പ്രത്യേകം നിർദ്ദേശം കൊടുക്കണം.

**<u>ശ്രീ. എം. വി. ജയരാജൻ</u>:** സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി തന്നെ ഇതുസംബന്ധിച്ച് സമഗ്രമായ പരിശോധന നടത്തുകയും ആവശ്യമായ ക്രമീകരണം വരുത്തുകയും വേണം. എക്സിക്യൂട്ടീവ്, അഡ്മിനിസ്ട്രേറ്റീവ്, ലീഗൽ ആസ്പെക്ടുകൾ നോക്കാനുള്ള സംവിധാനമുണ്ടായാലേ ഇത് പരിഹരിക്കാൻ കഴിയുകയുള്ളൂ.

## നിയമനിർമ്മാണകാര്യം:

<u>2003-ലെ അബ്കാരി (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ശങ്കരനാരായണൻ)</u>** : 2003-ലെ അബ്കാരി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹ.ചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

**<u>മി. സ്പീക്കർ</u>:** ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ശങ്കരനാരായണൻ)</u>** : 2003-ലെ അബ്കാരി (ഭേദഗതി) ബിൽ സാംപത്തിക കാര്യങ്ങൾ സംബന്ധിച്ച VIII -ാം നംപർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്)** : പ്രമേയത്തെ പിന്താങ്ങുന്നു.

**ശ്രീ. പി. ജയരാജൻ:** ചട്ടം 73 അനുസരിച്ച് ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ച് പാസ്സായിവരുംപോൾ ഉണ്ടായേക്കാവുന്ന ആവർത്തനച്ചെലവും ആവർത്തനേതരച്ചെലവും സംബന്ധിച്ച് ബില്ലിൽ പ്രത്യേകം വ്യവസ്ഥ ചെയ്യണമെന്നുണ്ട്. പിടിച്ചെടുക്കപ്പെടുന്ന മദ്യവും മറ്റും പരിശോധിക്കുന്നതിന് മജിസ്ട്രേറ്റ് സ്പോട്ടിൽ പോയിരിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. മദ്യവുമായി ബന്ധപ്പെട്ട കേസ്സുകളുടെ നടത്തിപ്പിനുള്ള ചെലവും സഞ്ചിതനിധിയിൽ നിന്നും കൊടുക്കേണ്ടതായിവരും. ആ സാഹചര്യത്തിൽ ഈ ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ഡത്തിൽ പറഞ്ഞിരിക്കുന്നത് ശരിയല്ല.

**മി. സ്പീക്കർ**: നിയമമാക്കിക്കഴിഞ്ഞ് അത് പ്രാബല്യത്തിൽ വരുംപോൾ അഡിഷണൽ എക്സ്പെന്റിച്ചർ ഉണ്ടാകുമോ ഇല്ലയോ എന്നുള്ളതാണ് ധനകാര്യ മെമ്മോറാണ്ഡത്തിൽ പറയുന്നത്.

**ശ്രീ. കെ. വി. കുഞ്ഞിരാമൻ:** I move that –"This House resolves to disapprove The Abkari Ordinance, 2002 (Ordinance No. 7 of 2002).

അബ്കാരി ബില്ലിലെ 53– ാം വകുപ്പിനുശേഷം 53എ എന്നൊരു വകുപ്പുകൂടി കൂട്ടിച്ചേർക്കുന്നതിനു വേണ്ടിയുള്ളതാണ് ഈ ബിൽ. വ്യാജമദ്യ വാറ്റും വിൽപ്പനയും വളരെ വ്യാപകമായ നിലയിൽ കേരളത്തിന്റെ സാമൂഹ്യ ജീവിതത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഇത് തടയാനെന്നുള്ള വ്യാജേന ഇത്തരമൊരു നിയമനിർമ്മാണത്തിന് ഗവൺമെന്റ് മുന്നോട്ടുവന്നിരിക്കുന്നത്. ഈ ഒരു വകുപ്പ് ഇല്ലാത്തതുകൊണ്ട് മാത്രമാണ് കേരളത്തിൽ വ്യാപകമായ തോതിൽ വ്യാജമദ്യവും സ്പിരിറ്റും ഒഴുകുന്നതെന്ന് വരുത്തിത്തീർത്ത് മദ്യ മാഫിയായെയും മദ്യ രാജാക്കൻമാരെയും സഹായിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. നിലവിലുള്ള നിയമം തന്നെ ഫലപ്രദമായി നടപ്പിലാക്കിയാൽ വ്യാജമദ്യത്തിന്റെ ഒഴുക്കും വിൽപ്പനയും

തടയാൻ സാധിക്കും. 53–ാം വകുപ്പിനോട് എ വകുപ്പ് കൂട്ടിച്ചേർത്തതുകൊണ്ട് കേരളത്തിലെ എക്സൈസ് രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. മലയാള മനോരമയുടെ സർവ്വേ റിപ്പോർട്ടുപ്രകാരം ഒരു വർഷം ബിവറേജസ് കോർപ്പറേഷനിൽനിന്നും മദ്യ വിൽപ്പനയുമായി ബന്ധപ്പെട്ട് കേരളത്തിന്റെ ഖജനാവിലേയ്ക്ക് വരുന്നത് 2300 കോടി രൂപയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആദ്യ വർഷം 765 കോടി രൂപയുടെ കുറവുണ്ടായി. ബിവറേജസ് കോർപ്പറേഷന്റെ വിൽപ്പനശാലകളിൽ സർക്കാരിന്റെ അംഗീകൃത മദ്യമല്ല വിൽക്കുന്നത്. ബിവറേജസ് കോർപ്പറേഷന്റെ വിൽപ്പനശാലകളിലൂടെ അംഗീകൃത മദ്യം വിൽക്കുന്നതിലെ കുറവ് റവന്യൂ കുറയുന്നതുകൊണ്ടാണ്. മദ്യ മാഫിയയെ സഹായിക്കുന്ന നിലപാടാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. 37.10 രൂപയ്ക്ക് ഉല്പാദകനിൽനിന്ന് വാങ്ങുന്ന ബ്രാൻഡി (ഹണീബീ) 290 രൂപയ്ക്കാണ് സർക്കാർ വിൽക്കുന്നത്. ബിവറേജസ് കോർപ്പറേഷന്റെ വില്പനശാലകളിൽ വിൽക്കുന്ന മദ്യത്തിന് പുറമേ സെക്കൻഡ്സും തേർഡ്സുമൊക്കെ ഉണ്ടാക്കി സർക്കാരിന്റെ ലേബൽ ഒട്ടിച്ച് ഇഷ്ടംപോലെ വിൽക്കുന്നത് മൂലം സർക്കാരിന്റെ ഖജനാവിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടാകുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് സ്പിരിറ്റും മറ്റും കടത്തിയ നൂറ് കണക്കിന് വാഹനങ്ങൾ പിടിച്ചെടുത്തിരുന്നുവെങ്കിൽ യു.ഡി.എഫ് ഗവൺമെന്റിന്റെ ഒന്നര വർഷത്തെ ഭരണത്തിനിടയിൽ അത്തരമൊരു നടപടിയേ ഉണ്ടായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഇങ്ങനെ പിടിച്ചെടുക്കുന്ന വാഹനങ്ങളും തൊണ്ടി സാധനങ്ങളും പോലീസ് സ്റ്റേഷനിൽ കിടന്ന് നശിക്കാതെ റിലീസ് ചെയ്യാൻ ആവശ്യമായ എന്തെങ്കിലും സംവിധാനം ഉണ്ടാകണം മദ്യമാഫിയായെ രക്ഷിക്കുവാനാ വശ്യമായ സംവിധാനം ഉണ്ടാക്കുന്നതിനു വേണ്ടിയാണ് 53 എ വകുപ്പ് കൂട്ടിച്ചേർക്കാൻ ശ്രമിക്കുന്നത്. നിലവിലുള്ള അബ്കാരി ആക്ട് ഫലപ്രദമായ നിലയിൽ ഉപയോഗ പ്പെടുത്തിയാൽ മാറ്റമുണ്ടാക്കാൻ കഴിയും. കള്ള്ഷാപ്പുകൾ നിറുത്തലാക്കിയതിന്റെ ഫലമായി തൊഴിലില്ലാതായവരെ പുനരധി വസിപ്പിക്കാനാവശ്യമായ നടപടി യുണ്ടാകണം. സർക്കാർ പൂർണ്ണമായും മദ്യരാജാക്കൻ മാരെ സഹായിക്കുന്ന വിധത്തിൽ

വശ്യമായ സംവിധാനമുണ്ടാക്കുന്നു. എന്നാൽ ജനങ്ങളെ രക്ഷിക്കാനാവശ്യമായ യാതൊരു സംവിധാനവും ഉണ്ടാക്കുന്നതിന് തയ്യാറാകുന്നില്ല. ഇടതുപക്ഷജനാധിപത്യ മുന്നണി ആവിഷ്ക്കരിച്ച മദ്യനയത്തെ പൂർണ്ണമായി അട്ടിമറിക്കുകയും മദ്യരാജാക്കൻ മാർക്ക് നുഴഞ്ഞുകയറാൻ ആവശ്യമായ അവസരം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. ഇതിന്റെ ഫലമായി സംസ്ഥാന ഖജനാവിന് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായി രിക്കുന്നു. ഈ നഷ്ടം നികത്തുന്നതിന് ഗവൺമെന്റ് ആർജ്ജവത്തോടുകൂടി പ്രവർത്തിക്കണം.

<u>**ഡോ. കെ.സി. ജോസഫ്**</u>: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. അബ്കാരി ആക്ടിൽ 53എ എന്ന ഒരു പുതിയ വകുപ്പു കൊണ്ടുവന്ന് കേരളത്തെ മദ്യവിമുക്ത സംസ്ഥാനമാക്കി മാറ്റാമെന്നുള്ള ഗവൺമെന്റിന്റെ വ്യാമോഹം യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ളതല്ല. വ്യാജമദ്യ-മയക്കുമരുന്ന് വേട്ടകൾ നടത്തുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. കേരളത്തിൽ ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പിലാക്കുമെന്നുള്ള തെരഞ്ഞെടുപ്പുകാലത്തെ യു.ഡി.എഫിന്റെ വാഗ്ദാനത്തിന് കടകവിരുദ്ധമായ പ്രവർത്തനങ്ങളാണ് ഈ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. വ്യാജമദ്യ വിൽപ്പന ഫലപ്രദമായി തടയുന്നതിനും വ്യാജമദ്യ ലോബിയെ നിയന്ത്രിക്കുന്നതിനും ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. കേരളാ സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷന്റെ വിവിധ മദ്യ ഷാപ്പുകളിൽക്കൂടി കളർ ചേർത്ത ചാരായമാണ് വിൽപ്പന നടത്തുന്നത്. പോലീസ്-എക്സൈസ് ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള വടംവലി മദ്യമാഫിയ വളരുന്നതിന് സഹായകമാകുന്നു. ഇതിന്റെയൊക്കെ ഫലമായി ക്രിമിനൽ കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നു. വ്യാജമദ്യ വിൽപ്പനവഴി അമിത ലാഭം കൊയ്യാൻ സാധിക്കുമെന്നുള്ള പ്രലോഭനമാണ് ആളുകൾ ഈ രംഗത്തേയ്ക്ക് കടന്നുവരാൻ ഇടയാക്കുന്നത്. കോടതി വിധിയുടെ മറവിൽ അബ്കാരി ആക്ടിൽ ഗവൺമെന്റ് കൊണ്ടുവന്ന ഈ ചെറിയ ഭേദഗതികൊണ്ട് യാതൊരു പ്രയോജനവുമില്ല. വ്യാജമദ്യ വിൽപ്പന കർശനമായി തടയുന്നതിനും മദ്യമാഫിയകളെ നിയന്ത്രിക്കുന്നതിനും ഈ

ഭേദഗതി നിയമം പിൻവലിച്ച് സംശുദ്ധമായ ഒരു നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

**<u>ശ്രീ.വി.ഡി.സതീശൻ</u>**: 2003-ലെ അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-3-2003 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പോലീസ്-എക്സൈസ് ഉദ്യോഗസ്ഥന്മാർ പിടിച്ചെടുക്കുന്ന സ്പിരിറ്റും ലഹരിസാധനങ്ങളും ഡിസ്പോസ് ചെയ്യുന്നതിന് റൂൾസ് ഉണ്ടാക്കാനുള്ള അധികാരം നിലവിലുള്ള അബ്കാരി ആക്ടിന്റെ 29-ാം വകുപ്പിലുള്ളപ്പോൾ ഇങ്ങനെ ഒരു ഭേദഗതിയുടെ ആവശ്യമുണ്ടോ എന്ന് സംശയമുണ്ട്. പോലീസ്-എക്സൈസ് ഡിപ്പാർട്ടുമെന്റുകൾ പിടിച്ചെടുക്കുന്ന സ്പിരിറ്റ് ഉൾപ്പെടെയുള്ള ലഹരിസാധനങ്ങൾ നശിപ്പിക്കുന്നതിന് നിയമഭേദഗതി കൊണ്ടുവന്നത് നല്ല കാര്യമാണ്. പിടിച്ചെടുക്കുന്ന സ്പിരിറ്റ് ഉൾപ്പെടെയുള്ള ലഹരിസാധനങ്ങളുടെ ആൽക്കഹോളിക് കണ്ടന്റിന്റെ ശതമാനം മജിസ്ട്രേട്ട് തയ്യാറാക്കുന്ന ഇൻവെന്ററിയിൽ രേഖപ്പെടുത്തണം. നിയമങ്ങൾ തലനാരിഴകീറി പരിശോധിക്കുന്നത് കോടതിയാണ്. എക്സിക്യൂട്ടീവും ജുഡീഷ്യറിയും ലെജിസ്ലേച്ചറും തമ്മിലുള്ള ബന്ധം വളരെ നന്നായി കൊണ്ടുപോകാൻ ശ്രമിക്കണം. എക്സിക്യൂട്ടീവിനേയും ജുഡീഷ്യറിയേയും ലെജിസ്ലേച്ചറിനേയും സംരക്ഷിക്കുന്ന അക്കാഡമിക് ചർച്ചകൾ നിയമസഭയിൽ ഉണ്ടാകണം. കോടതിക്ക് പല കാര്യങ്ങളിലും റിവ്യൂ നടത്താനുള്ള അധികാരമുണ്ട്. അബ്കാരി നിയമത്തിൽ നിരവധി ഭേദഗതികൾ ഉണ്ടാകേണ്ടതുണ്ട്. . വ്യാജമദ്യത്തിന്റെ ഒഴുക്ക് തടയാനും ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് തൊഴിലുണ്ടാകാനും ഗവൺമെന്റിന്റെ വരുമാനം വർദ്ധിപ്പിക്കാനും ഉതകുന്ന കോൺക്രീറ്റായ ഒരു അബ്കാരി നയം ഉണ്ടാകണം. അബ്കാരി കേസ്സുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷൻ പരിസരത്തും കോടതിവളപ്പിലും കിടന്ന് തുരുമ്പെടുത്ത് നശിക്കാതെ അവ ലേലം ചെയ്താൽ ഖജനാവിന് മുതൽക്കൂട്ടാകും അബ്കാരി നിയമത്തിലും റൂൾസിലും പറയുന്ന കാര്യങ്ങൾ

കർശനമായി നടപ്പിലാക്കാനുള്ള സംവിധാനമുണ്ടാക്കണം. അബ്കാരി നിയമത്തിൽ വരുത്താൻപോകുന്ന ഭേദഗതികളുടെ തുടക്കമായിട്ടാണ് ഈ ഭേദഗതിയെ കാണുന്നത്.

**ശ്രീ. കെ.പി. രാജേന്ദ്രൻ:** 2003-ലെ അബ്കാരി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണിത്. പിടിച്ചെടുത്ത സ്പിരിറ്റ് ഡിസ്പോസ് ചെയ്യുന്ന കാര്യം മാത്രമല്ല, അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ ഉൾപ്പെടെ ആലോചിക്കണം. പിടിച്ചെടുക്കുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷൻ പരിസരത്തും കോടതി വളപ്പിലും കിടന്ന് തുരുമ്പെടുത്ത് നശിക്കാതെ ലേലം ചെയ്താൽ സർക്കാരിന് വരുമാനമുണ്ടാകും. അതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കണം. അബ്കാരി നിയമത്തിൽ കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തണമെന്ന് മാറിമാറിവന്ന ഗവൺമെന്റുകൾ നിയോഗിച്ചിരുന്ന കമ്മിഷനുകളെല്ലാം അവരുടെ റിപ്പോർട്ടിൽ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും അവയൊന്നും നടപ്പാക്കിയിട്ടില്ല. കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അബ്കാരി നിയമം സമഗ്രമായി പരിഷ്ക്കരിക്കണം. തെരഞ്ഞെടുപ്പ് ലക്ഷ്യമാക്കി കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നടപ്പാക്കിയ ചാരായ നിരോധനം കേരളത്തിൽ അപ്രായോഗികമാണെന്ന് ഇതിനകം തെളിഞ്ഞിരിക്കുന്നു. അത് മദ്യമാഫിയകൾക്ക് വളരാനുള്ള സാഹചര്യം സൃഷ്ടിച്ചുവെന്നതിലുപരി യാതൊരു ഗുണവും സംസ്ഥാനത്തിന് ഉണ്ടാക്കിയില്ല. സാമൂഹിക-സാമുദായിക സംഘർഷങ്ങൾക്ക് ഇടവരുത്തുമെന്നതിനാലാണ് എൽ.ഡി.എഫ്. സർക്കാർ ചാരായ നിരോധനം പിൻവലിക്കാതിരുന്നത്. കേരളത്തിൽ സംപൂർണ്ണ മദ്യനിരോധനം ഒറ്റയടിക്ക് പ്രായോഗികമല്ലെന്നും ഘട്ടം ഘട്ടമായി നടപ്പിലാക്കണ മെന്നുമാണ് ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നത്. സംസ്ഥാനത്ത് നിയമാനുസൃതമായി പ്രവർത്തിച്ചിരുന്ന കള്ളുഷാപ്പുകൾ നിറുത്തലാക്കിയ യു.ഡി.എഫ്. ഗവൺമെന്റ് 55 വിദേശമദ്യഷാപ്പുകളും 23 ബാറുകളും ആരംഭിക്കുന്നതിന് അനുവാദം നൽകിയതിലെ വൈരുദ്ധ്യം മനസ്സിലാകുന്നില്ല. എൽ.ഡി.എഫ്.. ഗവൺമെന്റ് കേരളത്തിൽ ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ ഔട്ട്ലെറ്റ് മുഴുവൻ ബിവറേജസ്

കോർപ്പറേഷന്റെ മദ്യം പത്ത് ശതമാനമേ കടകളിലൂടെ വിൽക്കുന്നുള്ളൂ; ബാക്കിയെല്ലാം സെക്കന്റ്സാണ്. നഗരങ്ങളിലും ഗ്രാമങ്ങളിലും പുതിയ പുതിയ മദ്യവിതരണ ശൃംഖലകൾ ഇന്ന് വളർന്നുവന്നിരിക്കുന്നു. അനധികൃത മദ്യവിൽപന വ്യാപകമായിട്ടും കേസ് എടുക്കാൻ ഗവൺമെന്റിന് കഴിയുന്നില്ല. കേരളത്തിൽ ലൈസൻസുള്ള കള്ളുഷാപ്പുകൾ നിറുത്തലാക്കിയത് പുന:സ്ഥാപിക്കണം. സംപൂർണ്ണ മദ്യനിരോധനത്തെ പ്രതിപക്ഷം അനുകൂലിക്കുന്നില്ല. ജനങ്ങളെ ഘട്ടം ഘട്ടമായി മദ്യാസക്തിയിൽനിന്നു പിൻതിരിപ്പിക്കാനും മദ്യം വരുത്തുന്ന വിപത്തിനെക്കുറിച്ച് അവരെ ബോധവൽക്കരിക്കാനും ശ്രമിക്കണം. ചാരായനിരോധനം ഏർപ്പെടുത്തിയത് അപ്രായോഗികമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച സാഹചര്യത്തിൽ ചാരായ നിരോധനം ഏർപ്പെടുത്തിയതുമുതൽ ഇതുവരെയുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ കേരളത്തിലെ അബ്കാരി മേഖലയിൽ ശാശ്വതമായ തൊഴിൽ സമാധാനം നിലനിറുത്തുന്നതിനും റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ ഒരു പുന:പരിശോധനക്ക് ഗവണ്മെന്റ് തയ്യാറാകണം. ഉദയഭാനു കമ്മിഷൻ റിപ്പോർട്ടിലെ ശുപർശകൾ നടപ്പിലാക്കണം. ചെത്ത് തൊഴിലാളികളുടേയും കള്ളുഷാപ്പു തൊഴിലാളികളുടേയും തൊഴിൽ സംരക്ഷിക്കാൻ കഴിയുന്നവിധത്തിൽ ആവശ്യമായ നിയമനടപടികളുണ്ടാകണം. ചർച്ചകളുടെ അടിസ്ഥാനത്തിൽ ഈ മാസം തന്നെ ഗവണ്മെന്റ് പുതിയ മദ്യനയം പ്രഖ്യാപിക്കണം. കള്ള് ഷാപ്പുകളുടെ ദൂരപരിധി 400 മീറ്ററായി നിജപ്പെടുത്തിയിരിക്കുന്നത് 200 മീറ്ററായി ചുരുക്കണം. നിറുത്തലാക്കിയ അംഗീകൃത കള്ളുഷാപ്പുകൾ പുന:സ്ഥാപിക്കുകയും കള്ളുഷാപ്പുകൾ റേയ്ഞ്ച് അടിസ്ഥാനത്തിൽ ലേലം ചെയ്തുകൊടുക്കാൻ നടപടി സ്വീകരിക്കുകയുംവേണം. അങ്ങനെ കൊടുക്കുമ്പോൾ തൊഴിലാളികൾക്കുള്ള കൂലിയും മറ്റാനുകൂല്യങ്ങളും സംരക്ഷിക്കാനുള്ള വ്യവസ്ഥയുണ്ടാകണം. പ്രധാന ടൂറിസ്റ്റ് സെന്ററുകളിൽ ശുദ്ധമായ കള്ള് വിതരണം ചെയ്യാനുള്ള പ്രത്യേക ഔട്ട്ലെറ്റുകളുണ്ടാക്കണം. തെങ്ങുകൃഷിയെ സംരക്ഷിക്കാൻ കഴിയുന്ന വിധത്തിലുള്ള ഗവേഷണപദ്ധതികൾ ആവിഷ്കരിക്കണം. പഴയനിയമം പൊളിച്ചെഴുതി ഒരു സമഗ്ര നിയമം ഉണ്ടാക്കണം.

**ശ്രീ. കെ. ബാബു:** സംസ്ഥാനത്ത് ഇന്ന് കെട്ടിക്കിടക്കുന്ന വ്യാജസ്പിരിറ്റ് ഡിസ്പോസ് ചെയ്യുന്നതിന് ഏറ്റവും അനിവാര്യമായ ഒരു ഭേദഗതിയാണിത്. 3.6.1997-ൽ ഒരു നിയമം കൊണ്ടുവന്ന് കോംപൗണ്ടിംഗ് നിറുത്തലാക്കാൻ ശ്രമിച്ചപ്പോൾ അതിന് സൈമൾട്ടേനിയസ്സായി ഈ ഭേദഗതികൂടി കൊണ്ടുവരേണ്ടതായിരുന്നു. എങ്കിൽ ഇപ്പോൾ അനധികൃതമായി കെട്ടിക്കിടക്കുന്ന സ്പിരിറ്റ് ഡിസ്പോസ് ചെയ്യേണ്ട പ്രശ്നത്തിന് കോടതി ഇടപെടേണ്ട സാഹചര്യം വരില്ലായിരുന്നു. കോൺഫിസ്ക്കേറ്റ് ചെയ്ത വാഹനങ്ങൾ ഡിസ്പോസ് ചെയ്താൽത്തന്നെ കോടിക്കണക്കിനു രൂപ സർക്കാരിന്റെ ഖജനാവിലേയ്ക്ക് മുതൽ കൂട്ടാൻ കഴിയും. മദ്യവ്യവസായവുമായി ബന്ധപ്പെട്ട് പ്രായോഗികമായ നിർദ്ദേശങ്ങൾ മുന്നോട്ട്വയ്ക്കാൻ എല്ലാപേരും തയ്യാറാകണം. കെ.എസ്.ബി.സി.യിൽക്കൂടിയുള്ള സെക്കന്റ്സ് വില്പന നിയന്ത്രിക്കണം. അതിന്റെ ഭാഗമായി ഹോളോഗ്രാം സ്റ്റുഡിയോ സ്ഥാപിച്ച് ഹോളോഗ്രാം മുദ്ര പതിപ്പിക്കുന്ന നടപടി സ്വാഗതാർഹമാണ്. കെ. എസ്. ബി. സി. വാങ്ങുന്ന മദ്യത്തിന്റെ വിലയിൽ സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതുവഴി എട്ട് കോടി രൂപയുടെ അധികവരുമാനം ഉണ്ടാക്കാൻ കഴിയു മെന്നാണ് പ്രതീക്ഷിക്കുന്നത്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ധാരാളം ബാർ ലൈസൻസുകൾ അനുവദിച്ചുവെന്നുള്ള ആക്ഷേപം വസ്തുതകൾക്ക് നിരക്കാത്തതാണ്. ഈ ഗവൺമെന്റ് പുതിയ മദ്യ നയം പ്രഖ്യാപിക്കാൻ പോകുകയാണ്. സംസ്ഥാനത്തെ ചെത്ത് തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് വളരെയേറെ താൽപ്പര്യമെടുക്കുന്നുണ്ട്. പുതിയ മദ്യ നയം രൂപീകരിക്കുംപോൾ എറണാകുളം, തൃശൂർ തുടങ്ങിയ ജില്ലകളിൽ ഈ രംഗത്ത് നിലനിൽക്കുന്ന പ്രതിസന്ധികൂടി കണക്കിലെടുക്കണം. 1996-ൽ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് ചാരായ നിരോധനം ഏർപ്പെടുത്തിയതിനു ശേഷം അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ബോധപൂർവ്വം സ്വീകരിച്ച നടപടികളുടെ ഭാഗമായിട്ടാണ് കേരളത്തിലേയ്ക്ക് വ്യാജമദ്യം നിർബാധം ഒഴുകാൻ തുടങ്ങിയത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വ്യാജ മദ്യ വേട്ട നടത്താൻ ഫലപ്രദമായ

നടത്തുകയും അതേത്തുടർന്ന് മൂവായിരത്തിലധികം കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റി എല്ലാ മാസവും സമ്മേളിക്കുകയും ഇക്കാര്യത്തിൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വ്യാജ മദ്യം സംബന്ധിച്ച വിവരങ്ങൾ നൽകുന്നവർക്ക് പാരിതോഷികം നൽകാൻ നടപടി സ്വീകരിച്ചത് ഈ ഗവൺമെന്റാണ്. വ്യാജമദ്യം തടയുന്നതിന്റെ ഭാഗമായി എക്സൈസ് ഉദ്യോഗസ്ഥൻമാർക്ക് തോക്കുകൾ നൽകുകയും ആ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**<u>ശ്രീ. പി. ജയരാജൻ:</u>** ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ അബ്കാരി നയം ഏറ്റവും വലിയ പരാജയമായിരുന്നുവെന്ന് ആ മുന്നണിയിൽപ്പെട്ടവർക്കുപോലും സമ്മതിക്കേണ്ട ഒരു സ്ഥിതി സംജാതമായിരിക്കുന്നു. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും അനധികൃതമായി മദ്യം ഒഴുകുന്നത് തടയുന്നതിനും പൊതുമേഖലയെ ശക്തിപ്പെടുത്തണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ ഗവൺമെന്റ് ബിവറേജസ് കോർപ്പറേഷന് ആവശ്യമായ അധികാരങ്ങൾ നൽകിയത്. അങ്ങനെയാണ് കള്ള് വ്യവസായം നിലനിറുത്തുന്നതിനും സംരക്ഷിക്കുന്നതിനും വ്യാജ കള്ള് ഒഴുകുന്നത് തടയുന്നതിനുംവേണ്ടി തൊഴിലാളികളുടെതന്നെ സഹകരണസംഘങ്ങളെ വിൽപ്പന ഏൽപ്പിക്കാൻ തീരുമാനിച്ചത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ മദ്യ നയം ഒരു വലിയ പരാജയമായിരുന്നു. എക്സൈസ് ഉദ്യോഗസ്ഥൻമാർ പിടിക്കുന്ന സ്പിരിറ്റ് വ്യാജച്ചാരായ വിൽപ്പനക്കാരുടെ ഗോഡൗണുകളിലാണ് ഇപ്പോൾ എത്തുന്നത്. വ്യാജമദ്യം നശിപ്പിക്കുന്നതിനുള്ള ചുമതല അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറെ ഏൽപിക്കുന്നതിനു പകരം മജിസ്ട്രേട്ടിന്റെ സാന്നിദ്ധ്യത്തിൽ നശിപ്പിക്കും എന്ന വ്യവസ്ഥ കൊണ്ടുവരണം.. കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം സെക്കൻഡ്സ് മദ്യം വ്യാപകമായി ഒഴുകിക്കൊണ്ടിരിക്കുന്നു.. നിലവിലുള്ള അബ്കാരി ആക്ടിൽ ഒട്ടേറെ അപാകതകളുണ്ട്. അബ്കാരി നിയമം കാലാനുസൃതമായി

മദ്യം ഒരാൾ ഒരു സമയം കൈവശം വയ്ക്കാൻ പാടില്ല എന്ന വ്യവസ്ഥയനുസരിച്ച് ഒന്നിലധികം ഇനങ്ങളിലുള്ള മദ്യം ചെറിയ അളവിലായാലും വലിയ അളവിലായാലും കൈവശം വയ്ക്കുന്നതിന് ഒരേ ശിക്ഷയാണ് അബ്കാരി നിയമത്തിൽ പറഞ്ഞിട്ടുള്ളത്. അത് മാറ്റുന്നതിനാവശ്യമായ ഭേദഗതി കൊണ്ടുവരണം. എസ്.സി./എസ്.ടി കോളനികളിൽ നിന്നും 200 മീറ്റർ അകലെ മാത്രമെ ത്രീസ്റ്റാർ ഹോട്ടലുകൾ സ്ഥാപിക്കാൻ പാടുള്ളു എന്ന വ്യവസ്ഥ ടൂ സ്റ്റാർ ഹോട്ടലുകൾക്കും ബാധകമാക്കാൻ ആവശ്യമായ ഭേദഗതി കൊണ്ടുവരണം. കഞ്ചാവ് കൃഷിയും അനധികൃതമായിട്ടുള്ള കള്ള് വില്പനയും തടയുന്നതിന് അബ്കാരി നിയമത്തിൽ സമഗ്രമായ ഭേദഗതി വരുത്തണം.

**ശ്രീ .ടി.കെ ദേവകുമാർ**.: കൊല്ലവർഷം 1077-ൽ അംഗീകരിച്ച ഈ നിയമത്തിൽ ഒരു ഭേദഗദതി കൊണ്ടുവന്ന് ഇന്ന് നിലവിലിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ എന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ഫലപ്രദമായ റെയ്ഡ് നടത്തുന്നില്ല. മദ്യ നിരോധനം ഘട്ടംഘട്ടമായി നടപ്പിലാക്കി കൊണ്ടിരിക്കുകയാണ് എന്നവകാശപ്പെടുന്ന ഈ ഗവൺമെന്റ് ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അംഗീകരിച്ച് നടപ്പിലാക്കണം. ആ നിർദ്ദേശങ്ങൾക്ക് കടകവിരുദ്ധമായിട്ടുള്ള സമീപനമാണ് ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചിരിക്കുന്നത്. വിദേശ മദ്യ ഷാപ്പുകൾ യഥേഷ്ടം അനുവദിച്ചുകൊടുക്കാനാണ് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുള്ളത്. ഘട്ടം ഘട്ടമായി മദ്യ നിരോധനം നടപ്പിലാക്കുന്നതിന് പകരം അന്യ സംസ്ഥാനങ്ങളിൽ നിന്ന് മദ്യത്തിന്റെ ഒഴുക്ക് വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്. മാഫിയാ സംഘങ്ങളേയും അധോലോക സംഘങ്ങളേയും അമർച്ച ചെയ്യാൻ കാലാനുസൃതമായി അബ്കാരി നിയമത്തിൽ ഭേദഗതികൾ കൊണ്ടുവരണം. ആ കാര്യത്തിൽ ഗവൺമെന്റ് പുനർ ചിന്തനത്തിന് തയ്യാറാകണം. തൊഴിലാളികളെ രക്ഷിച്ചുകൊണ്ട് കള്ള് ഷാപ്പുകളുടെ നിലനിൽപ്പ് ഉറപ്പുവരുത്തുകയും കള്ള് വ്യവസായത്തെ തൊഴിലധിഷ്ഠിത വ്യവസായമായി കാണുകയും ചെയ്യണം. കള്ള് ഷാപ്പുകളുടെ നടത്തിപ്പ് തൊഴിലാളി സംഘടനകൾക്ക് ഏൽപിച്ചുകൊടുക്കണം.

**ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി. (ശ്രീ. കെ. ശങ്കരനാരായണൻ):** അബ്കാരി നിയമത്തിൽ 1077–ാ മാണ്ടിന് ശേഷം വളരെയധികം പ്രാവശ്യം ഭേദഗതികൾ വരുത്തിയിട്ടുണ്ട്. അവ അപര്യാപ്തമാണ് എന്നാണ് പൊതുവെയുള്ള അഭിപ്രായം. അബ്കാരി വകുപ്പിനെക്കുറിച്ച് വളരെയധികം ആക്ഷേപങ്ങൾ എല്ലാക്കാലത്തും ഉണ്ടായിട്ടുണ്ട്. 1957–ൽ കേരള നിയമസഭ നിലവിൽ വന്നതിന് ശേഷം ഈ വകുപ്പിനെ കുറിച്ച് ഓരോരുത്തരും പ്രസംഗിച്ച രേഖകൾ പരിശോധിച്ചപ്പോൾ ആക്ഷേപങ്ങളുടെ ശരവർഷമാണ് കാണാൻ കഴിഞ്ഞത്. 1957–ന് ശേഷം രണ്ട് മുന്നണിയും മാറി മാറി ഭരണ പക്ഷത്തിരുന്നിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ആർക്കും ഇതുവരെയും വ്യക്തമായ ഒരു തീരുമാനമെടുത്ത് മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല എന്നതാണ് വസ്തുത. ചാരായനിരോധനത്തിന്റെ കാര്യത്തിൽ കക്ഷിഭേദമെന്യേ ഒരുമിച്ചു പ്രവർത്തിക്കാൻ സാധിക്കുന്നില്ല. 53 എ വകുപ്പ് കൊണ്ടുവരുന്നതുകൊണ്ട് നിയമത്തിൽ പരിപൂർണ്ണമായ മാറ്റം ഉണ്ടാകുമെന്നോ അതുവഴി ഒരു പുതിയ അദ്ധ്യായത്തിലേയ്ക്ക് പ്രവേശിക്കാൻ സാധിക്കുമെന്നോ വിശ്വാസമില്ല. വളരെക്കാലമായി പിടിച്ചെടുത്തിട്ടുള്ള സാധനങ്ങൾ പെട്ടെന്ന് ഡിസ്പോസ് ചെയ്യാനുള്ള ഒരു നിയമഭേദഗതി ആണിത്. പിടിച്ചെടുക്കുന്ന സാധനങ്ങൾ ക്വാളിറ്റിയുള്ളവയാണെങ്കിൽ അവ കമ്പനികൾക്ക് കൊടുക്കാം. വാഹനങ്ങൾ പിടിച്ചെടുക്കാനും ലേലം ചെയ്യാനും നിയമം നിലവിലുണ്ട്. സ്പിരിറ്റ് പിടിച്ചെടുക്കുന്നത് ഇപ്പോൾ കൂടിക്കൂടി വരികയാണ്. വകുപ്പ് 53 എ കൂട്ടിച്ചേർക്കുന്നതോടുകൂടി ഇന്ന് സ്റ്റോക്കുള്ള സാധനങ്ങളും ഇനി പിടിച്ചെടുക്കുന്ന സാധനങ്ങളും ഡിസ്പോസ് ചെയ്യാനുള്ള അധികാരമാണ് ലഭിക്കുന്നത്. ഇതിലേയ്ക്കായി എക്സൈസ് കമ്മീഷണർ, ടാക്സസ് സെക്രട്ടറി, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ഹെഡ് ക്വാർട്ടേഴ്സ്), അഡീഷണൽ എക്സൈസ് കമ്മീഷണർ, അഡീഷണൽ സെക്രട്ടറി (ഫൈനാൻസ് ഡിപ്പാർട്ടുമെന്റ്), ചീഫ് കെമിക്കൽ എക്സാമിനർ, ഡയറക്ടർ ഓഫ് പൊല്യൂഷൻ കൺട്രോൾ ബോർഡ്, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുന്നതാണ്. പിടിച്ചെടുക്കുന്ന സാധനങ്ങൾ പരിശോധിക്കുന്നതിനുവേണ്ട സംവിധാനവും ഉണ്ടാക്കിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ വിദേശ മദ്യനയം തന്നെയാണ് ഈ

നിന്നും കുറച്ചു മാറ്റം വരുത്തി. മാറ്റം വരുത്തുന്ന അവസരത്തിൽ എല്ലാ വിഭാഗത്തിൽപ്പെട്ട യൂണിയനുകളുമായും ചർച്ച ചെയ്തു. ഒരു യോജിപ്പുമില്ലാതിരുന്ന അവസ്ഥയിലാണ് കള്ളുഷാപ്പുകളുടെ എണ്ണം കുറച്ചത്. 2003–2004–ലെ പോളിസി പൂർണ്ണമാക്കുന്നതിനു മുമ്പു ബന്ധപ്പെട്ട എല്ലാവരുമായും ആലോചിക്കും; ഏകപക്ഷീയമായി ഒരു തീരുമാനം കൊണ്ടുവരണമെന്ന ആഗ്രഹം ഗവൺമെന്റിനില്ല. 53എ വകുപ്പ് പ്രകാരം സാധനങ്ങൾ ഡിസ്പോസ് ചെയ്യുമ്പോൾ ലഭിക്കുന്ന പണം സർക്കാരിന്റെ ഖജനാവിൽ ഡെപ്പോസിറ്റായിട്ട് ആദ്യം അടയ്ക്കുകയും പിന്നീട് കോടതി തീരുമാനം സർക്കാരിന് അനുകൂലമാണെങ്കിൽ സർക്കാർ വരുമാനമായി കണക്കാക്കുകയും മറിച്ചാണെങ്കിൽ തുക ബന്ധപ്പെട്ട ആളുകൾക്ക് മടക്കിക്കൊടുക്കുകയും ചെയ്യാനുള്ള ഒരു പ്രൊവിഷൻ കൂടി ചേർക്കേണ്ടതായിട്ട് വരും. മറ്റു വകുപ്പുകളിലൊന്നും മാറ്റം ഉണ്ടാക്കേണ്ട ആവശ്യമില്ല.
ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2003–ലെ അബ്കാരി (ഭേദഗതി) ബിൽ സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച VIII–ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ ഉച്ചയ്ക്കുശേഷം 1.25–ന് പിരിഞ്ഞു.

......................